# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5740 18.11.2019-ൽ മറുപടിക്ക്

## എ.കെ.ജി. സ്മൃതി മ്യൂസിയം

**ചോദ്യം**
ശ്രീ.സണ്ണി ജോസഫ്

**ഉത്തരം**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു. തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ മക്രേരി വില്ലേജിൽ എ.കെ.ജി. സ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജക മണ്ഡലത്തിൽപ്പെട്ട പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ മക്രേരി വില്ലേജിൽ എ.കെ.ജി. സ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതിനാവശ്യമായ 3.21 ഏക്കർ ഭൂമി സ്വകാര്യ വ്യക്തികളിൽ നിന്നും കണ്ടെത്തി മ്യൂസിയം മൃഗശാലാ വകുപ്പിന് ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പുമായി ചേർന്ന് പ്രാരംഭ നടപടികൾ സ്വീകരിക്കുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായി 2019-2020 സാമ്പത്തിക വർഷത്തിൽ "2205-00-107-91 പ്ലാൻ" എന്ന പുതിയ ശീർഷകത്തിൽ 7 കോടി രൂപ ബഡ്ജറ്റ് വിഹിതത്തിൽ വകുപ്പിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം പ്രാരംഭ നടപടിയായി നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കുന്നതിന് സാമൂഹിക ആഘാതപഠനം നടത്തുന്നതിനായി ആനുഷാംഗിക ചാർജ്ജിനത്തിൽ 4,29,132/- രൂപ റവന്യൂ വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് നൽകുകയും തുടർന്ന് കണ്ണൂർ ജില്ലയിലുള്ള M/s കെയ്റോ എന്ന സ്ഥാപനത്തിനെ 60 ദിവസം കൊണ്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി ചുമതലപ്പെടുത്തിയിട്ടുള്ള വിവരം റവന്യൂ വകുപ്പ് അറിയിച്ചിട്ടുമുണ്ട്. തുടർന്ന് എ.കെ.ജി. മ്യൂസിയം ആരംഭിക്കുന്നതിന്റെ ഭാഗമായി അദ്ദേഹത്തിന്റെ ജീവിത ചരിത്രം ഉൾക്കൊള്ളിച്ച് രചിച്ച സംഗ്രഹം തയ്യാറാക്കുകയും അതിനെ തുടർന്ന് എ.കെ.ജി. മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ചരിത്രവസ്തുതകൾ, നിർദ്ദേശങ്ങൾ, വിലയേറിയ അഭിപ്രായങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് സർക്കാർ 7 അംഗ വിദഗ്ധ സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി യോഗം കൂടുകയും കൺസെപ്റ്റ് നോട്ട് തയ്യാറാക്കി വീണ്ടും ചർച്ച ചെയ്യുന്നതിനും തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കുന്നതെന്നും സെന്റിന് എന്ത് വില വച്ചാണ് ഭൂമി ഏറ്റെടുക്കുന്നതെന്നും വെളിപ്പെടുത്താമോ; | (ബി) | എ.കെ.ജി. സ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതിന് 3.21 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ജില്ലാകളക്ടർ സ്ഥലവിലനിർണ്ണയം നടത്തുന്ന മുറയ്ക്ക് മാത്രമേ സെന്റ് തിരിച്ചുള്ള വില വ്യക്തമാവുകയുള്ളൂ. |
| (സി) | ഇതിനായി ഏറ്റെടുക്കുന്ന ഭൂമിയിൽ നിലം നികത്തിയ ഭൂമിയോ, നിലമോ ഉൾപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | എ.കെ.ജി. സ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി നിലം നികത്തിയ ഭൂമിയോ, നിലമോ ഉൾപ്പെടുന്നുണ്ടോ എന്ന വിവരം കണ്ണൂർ ജില്ലാ കളക്ടറുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷമേ വ്യക്തമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ